ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഇ3/5685/2022/സി.ഇ/ത.സ്വ.ഭ.വ                                                  തീയതി: 11/05/2022

# പരിപത്രം

വിഷയം:- ത.സ്വ.ഭ.വ (L.I.D & EW)- ജീവനക്കാര്യം- മിനിസ്റ്റീരിയൽ/ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാരുടെ ഒഴിവ് വിവരം സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സ.ഉ (കൈ) നം13/2021/ഉപഭവ തീയ്യതി 08/06/2021.

തദ്ദേശ സ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രകച്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാരുടെ ഒഴിവുകൾ സമയബന്ധിതമായി കേരള പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ കൂടാതെ ശൂന്യവേതന അവധി/ അന്യത്ര സേവനം തുടങ്ങിയ ഒഴിവുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിലേക്ക് വിവര ശേഖരണം നടത്തേണ്ടതുണ്ട്. ആയതിലേക്കുള്ള പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഗ്രാമപഞ്ചായത്ത്/സെക്ഷൻ, ബ്ലോക്ക്പഞ്ചായത്ത്/സബ്ഡിവിഷൻ എന്നിവിട ങ്ങളിലെ ജീവനക്കാരുടെ ആവശ്യപ്പെട്ട ഒഴിവ് വിവരങ്ങൾ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ജില്ലാപഞ്ചായത്ത്/ഡിവിഷൻ/നഗരസഭ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ഒഴിവ് വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എഞ്ചിനീയർമാരും, മേഖലാ ഓഫീസ്/കോർപ്പറേഷൻ/KSRRDA എന്നിവിടങ്ങളിലെ ജീവനക്കാരുടെ ഒഴിവ് വിവരം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും നൽകേണ്ടതാണ്. തസ്തികകളുടെ എണ്ണം, നിലവിലെ ജീവനക്കാരുടെ എണ്ണം, ഒഴിവ് എന്നിവ അതാത് നിയന്ത്രണാധികാരികൾ/DDO-മാർ നിശ്ചിത പ്രൊഫോർമയിൽ (Performa No 1155) 18/05/2022 -ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നതിലൂടെ ഭാവിയിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് ബന്ധപ്പെട്ട DDOമാർ/ നിയന്ത്രണാധികാരികൾ മാത്രമാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

അംഗീകാരത്തോടെ,

**Pro-forma P-1155**

ജൂനിയർ സൂപ്രണ്ട്

പ്രൊഫോർമ (Performa No 1155) ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.